"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം -കൈത്തറി വസ്ത്ര ഡയറക്ടറേറ്റിലെ പ്യൂൺ ആയിരുന്ന ശ്രീ. സദാശിവൻ കെ. (Late)-യുടെ അവിവാഹിതയായ മകൾ ശ്രീമതി. സരസ്വതി. കെ-യ്ക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.32/2026/ID തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:-

1. 28/07/2015-ലെ സ.ഉ.(പി)നം.322/2015/ധന
2. ശ്രീമതി. സരസ്വതി. കെ, കുന്നുംപുറത്ത്, ലക്ഷ്മി ഭവൻ, മുണ്ടയ്ക്കൽ കരകുളം (പി.ഒ), തിരുവനന്തപുരം ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച 20/02/2024-ലെ അപേക്ഷ
3. 24/12/2024-ലെ കരകുളം വില്ലേജ് ഓഫീസർ നല്കിയ 90323103 നമ്പർ വരുമാന സർട്ടിഫിക്കറ്റ്
4. നെടുമങ്ങാട് താലൂക്ക് തഹസിൽദാറുടെ 11/08/2025-ലെ 96228388 നമ്പർ അനന്തരാവകാശ സർട്ടിഫിക്കറ്റ്
5. കൈത്തറി വസ്ത്ര ഡയറക്ടറുടെ 13/12/2024-ലെ HL/207/2022-E1 നമ്പർ കത്ത്
6. വ്യവസായ വാണിജ്യ ഡയറക്ടറുടെ 03/01/2025, 27/02/2025, 07/03/2025, 08/10/2025 തീയതികളിലെ ഡിഐസി/5903/2023-ഇബി2 നമ്പർ കത്തുകൾ

**ഉത്തരവ്**

കൈത്തറി വസ്ത്ര ഡയറക്ടറേറ്റിൽ ഓഫീസ് അറ്റൻഡന്റ് (പ്യൂൺ) തസ്തികയിൽ ജോലി ചെയ്തുവരവെ 12/06/1981-ൽ മരണപ്പെട്ട ശ്രീ. സദാശിവൻ. എൻ-ന്റെ കുടുംബ പെൻഷൻ ടിയാന്റെ സഹധർമ്മിണി ശ്രീമതി. കുഞ്ഞുലക്ഷ്മിയ്ക്ക് അനുവദിച്ച് നല്കിയിരുന്നു. ശ്രീമതി. കുഞ്ഞുലക്ഷ്മി 06/11/2021-ൽ മരണപ്പെട്ടതിനെ തുടർന്ന് ശ്രീ. സദാശിവൻ. എൻ കുഞ്ഞുലക്ഷ്മി ദമ്പതികളുടെ മക്കളിൽ അഞ്ചാമത്തെയും അവിവാഹിതയുമായ സരസ്വതി. കെ., കേരള സർവ്വീസ് റൂൾ ഭാഗം 3 ചട്ടം 90 (6) പ്രകാരം തനിക്ക് പിതാവിന്റെ കുടുംബപെൻഷന് അർഹതയുണ്ടെന്നും ആയത് അനുവദിച്ച് നല്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി. സരസ്വതി.കെ സർക്കാർ സേവനത്തിലിരിക്കെ മരണപ്പെട്ട പ്യൂൺ ശ്രീ. സദാശിവൻ. എൻ-ന്റെയും ടിയാന്റെ കുടുംബ പെൻഷൻ കൈപ്പറ്റി വരികയും 06/11/2021-ൽ മരണപ്പെടുകയും ചെയ്ത ടിയാന്റെ സഹധർമ്മിണി ശ്രീമതി. കുഞ്ഞുലക്ഷ്മിയുടെയും അനന്തരാവകാശിയാണെന്ന് പരാമർശം (4) പ്രകാരം നെടുമങ്ങാട് തഹസിൽദാർ

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി. സരസ്വതി. കെ-യുടെ വാർഷിക വരുമാനം 24,000/- രൂപയാണെന്ന് പരാമർശം (3) പ്രകാരം കരകുളം വില്ലേജ് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കൈത്തറി വസ്ത്ര ഡയറക്ടറേറ്റിൽ ഓഫീസ് അറ്റൻഡന്റ് (പ്യൂൺ) തസ്തികയിൽ ജോലി ചെയ്തുവരവെ 12/06/1981-ൽ മരണപ്പെട്ട ശ്രീ. സദാശിവൻ. എൻ-ന്റെ കുടുംബ പെൻഷൻ കൈപ്പറ്റി വന്നിരുന്ന ടിയാന്റെ സഹധർമ്മിണി ശ്രീമതി. കുഞ്ഞുലക്ഷ്മി 06/11/2021-ൽ മരണപ്പെട്ട് നിർദിഷ്ട സമയ പരിധിയായ 3 വർഷത്തിന് ശേഷമുള്ള വരുമാന സർട്ടിഫിക്കറ്റ് സഹിതമാണ് അനന്തരാവകാശിയും അവിവാഹിതയുമായ ശ്രീമതി. സരസ്വതി കെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കെ.എസ്.ആർ. ഭാഗം III ചട്ടം 90(6) ന് ചുവടെയുള്ള നോട്ട് 5 പ്രകാരം കുടുംബ പെൻഷന് അർഹത നേടി നിർദിഷ്ട സമയപരിധിയായ 3 വർഷത്തിനുള്ളിൽ യോഗ്യത സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്കേ പെൻഷണർ മരണപ്പെട്ട് തൊട്ടടുത്ത മാസം മുതൽ കുടുംബ പെൻഷന് അർഹതയുള്ളൂ (പരാമർശം (1)). പരാമർശം (3) -ലെ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ശ്രീമതി. സരസ്വതി കെ -യുടെ കുടുംബ വാർഷിക വരുമാനമായ 24,000/- രൂപ, 25 വയസ്സ് കഴിഞ്ഞ അവിവാഹിതയായ പെൺമക്കൾക്ക് കുടുംബ പെൻഷനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള വരുമാനപരിധിയായ 60,000/- രൂപയ്ക്കുള്ളിലാണ്. 3 വർഷത്തിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകളിൽ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ തീയതി പ്രാബല്യത്തിലാണ് കുടുംബ പെൻഷൻ അനുവദിക്കുന്നതെന്നതിനാൽ പരാമർശം (3) -ലെ വരുമാന സർട്ടിഫിക്കറ്റ് അനുവദിച്ച തീയതിയായ 24/12/2024 പ്രാബല്യത്തിൽ ശ്രീമതി. സരസ്വതി. കെ-യ്ക്ക് പിതാവിന്റെ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
കൈത്തറി വസ്ത്ര ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. സരസ്വതി. കെ, കുന്നുംപുറത്ത്, ലക്ഷ്മി ഭവൻ, മുണ്ടയ്ക്കൽ കരകുളം (പി.ഒ), തിരുവനന്തപുരം (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U/O (f) No. I&PW-A1/83/2025-FIN)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 09-01-2026 14:58:02